**പതിനാലാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *96 28.04.2017 - ലെ മറുപടിയ്ക്ക്

**എല്ലാവർക്കും പാർപ്പിടം ലഭിക്കുന്നതിന് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി. തോമസ്<br>ശ്രീ. അനിൽ അക്കര<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. അന്വർ ജേക്കബ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

(എ) എല്ലാവർക്കും പാർപ്പിടം ലഭിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(എ) അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ ഭൂരഹിത ഭവനരഹിതർക്ക് വാസയോഗ്യമായ ഭവനം ലഭ്യമാക്കുന്നതിനും നിലവിലുള്ള ഭവനം വാസയോഗ്യമാക്കുന്നതിനുമായി സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയ്ക്ക് (ലൈഫ്) രൂപം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ഭൂരഹിത ഭവന രഹിതർക്കും സ്വന്തമായി വാസയോഗ്യമായ ഭവനം ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണ ഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ സംവിധാനം ഉപയോഗിച്ച് സർവ്വേ നടത്തി സർവ്വേയുടെ വെരിഫിക്കേഷൻ നടന്നു വരിക യാണ്. തുടർന്ന് കരട് പട്ടിക പ്രസിദ്ധപ്പെടുത്തു കയും പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും അപ്പീലുകൾ കേട്ടശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടിക അംഗീകരിച്ച് അന്തിമ മാക്കുന്നു. സ്വന്തമായി സ്ഥലമുള്ള ഭവന രഹിത ർക്ക് വീട് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനും സ്വന്തമായി സ്ഥലം ഇല്ലാത്തവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുടെ നേതൃത്വത്തിൽ ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനുമുള്ള കർമ്മപദ്ധതി

| | |
|---|---|
| | കളാണ് അവിഷ്കരിച്ചിട്ടുള്ളത്.എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന കേന്ദ്ര സർക്കാരിന്റെ ഭവന പദ്ധതി കളായ പ്രധാനമന്ത്രി ആവാസ് യോജന (നഗരം), പ്രധാന മന്ത്രി ആവാസ് യോജന (ഗ്രാമം) വിവിധ വകുപ്പുകളുടെ ഭവന പദ്ധതികൾ എന്നിവ ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ചിട്ടുണ്ട്. |
| (ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; | (ബി) അടുത്ത 5 വർഷത്തിനുള്ളിൽ സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതർക്കും വാസയോഗ്യമായ ഭവനം ലഭ്യമാക്കുകയും നിലവിലുള്ള ഭവനം വാസയോഗ്യമാക്കുകയുമാണ് സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫിന്റെ ലക്ഷ്യം. അതോടൊപ്പം സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകുന്നതിനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹികക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനുമുള്ള ശാക്തീകരണ പ്രക്രിയയും പദ്ധതിയുടെ ലക്ഷ്യമാണ്. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിവരിക്കാമോ ? | (സി) സംസ്ഥാന തലത്തിൽ ലൈഫ് മിഷന്റെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല മിഷൻ രൂപീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ നവകേരള മിഷനുകീഴിലുള്ള 4 വികസന മിഷനുകളുടെയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ജില്ല ആസൂത്രണ സമിതി ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ ജില്ലാമിഷൻ രൂപീകരിക്കുന്നതാണ്. മുനിസിപ്പാലിറ്റി കോർപ്പറേഷൻ തലങ്ങളിൽ 4 മിഷനുകളുടെയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് മുനിസിപ്പൽ ചെയർപേഴ്സൺ/ മേയറുടെ അദ്ധ്യക്ഷതയിൽ മിഷൻ രൂപീകരിക്കുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് |

പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ബ്ലോക്ക്തല മിഷനും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത് തല മിഷനും രൂപീകരിക്കുന്നതാണ്. ലൈഫ് മിഷന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ഹരികിഷോറിനെ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

Subhash

സെക്ഷൻ ഓഫീസർ